(ഡി) കൊല്ലം ജില്ലയിലെ കുണ്ടറയ്ക്കും പരിസരപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി ഈ സാമ്പത്തികവർഷവും തൃശ്ശൂർ ജില്ലയിലെ പാവറട്ടി ശുദ്ധജല വിതരണ പദ്ധതി അടുത്ത സാമ്പത്തിക വർഷവും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മൂന്നുനാല് വർഷംകൊണ്ട് പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ട് തയ്യാറാക്കിയിട്ടുള്ളതാണ് ഇതിന്റെ പ്ലാൻ.

മി. സ്പീക്കർ : യേസ്, ചോദ്യം 560, ശ്രീ. പി. വിശ്വൻ, ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി.

3 (*560) ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. പി. വിശ്വൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ പുതിയ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ലോകബാങ്ക് വായ്പാസഹായം അനുവദിക്കുന്ന കാര്യത്തിൽ പുതിയ നിബന്ധനകൾ എന്തെങ്കിലും വച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്താണെന്നു വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത നിബന്ധനകൾക്ക് വിധേയമായി പദ്ധതികൾ എന്തെങ്കിലും ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ)&(ബി)ലോകബാങ്കിന്റെ സഹായത്തോടെ തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ 159 ഗ്രാമങ്ങൾക്കുള്ള ശുദ്ധജല ശുദ്ധീകരണ പദ്ധതികൾക്കുള്ള പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഗ്രാമീണ ശുദ്ധജലവിതരണം, ചെലവുകുറഞ്ഞ കക്കൂസ് നിർമ്മാണം, പരിസര ശുചീകരണം, ജലസംരക്ഷണം എന്നിവ ഉദ്ദേശിച്ച് നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്. 511.5 കോടി രൂപയാണ് ഇതിനുവേണ്ടി ചെലവ് പ്രതീക്ഷിക്കുന്നത്.

(സി)&(ഡി)വായ്പാ സഹായം അനുവദിക്കുന്ന കാര്യത്തിൽ ലോകബാങ്ക് ബാധകമാക്കിയിട്ടുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

(1) പദ്ധതിയുടെ നടത്തിപ്പിൽ ജനപങ്കാളിത്തവും ആവശ്യാധിഷ്ഠിതസേവനവും ഉറപ്പുവരുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(2) പൂർണ്ണമായും സർക്കാരിന്റെ ചുമതലയിൽ പദ്ധതികൾ ഏറ്റെടുക്കുന്നതിനുപകരം സർക്കാരിന്റെ മേൽനോട്ടത്തിലും ഭാഗികമായ സാമ്പത്തിക സഹായത്തിലും പദ്ധതികൾ പൂർത്തീകരിക്കുക.

(3) പദ്ധതി നടത്തിപ്പിന്റെ 25 ശതമാനം മൂലധനം, നടത്തിപ്പ് ചെലവ്, അറ്റകുറ്റപ്പണി, വിപുലീകരണം എന്നിവ പൂർണ്ണമായും ഉപഭോക്താക്കളുടെ ചുമതലയിലായിരിക്കും.

(ഇ) പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് ലോകബാങ്കിന് സമർപ്പിച്ചിട്ടുണ്ട്.

(എഫ്)ജനപങ്കാളിത്തത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പ്രത്യേക സംവിധാനം രൂപീകരിക്കുന്നതാണ്. ഇതേക്കുറിച്ച് ലോകബാങ്കുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : സർ, നമ്മുടെ സംസ്ഥാനത്ത് ശുദ്ധജലവിതരണത്തിനുവേണ്ടി നിക്ഷേപിച്ചിട്ടുള്ള പൈപ്പുകളിൽ, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിലെല്ലാംതന്നെ വെള്ളത്തിനുപകരം അപൂർവ്വമായി കാണുന്ന വിഷപ്പാമ്പുകളും എലികളും അതുപോലെയുള്ള മറ്റ് സാധനങ്ങളുമൊക്കെയാണ് വന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാവണം. യഥാർത്ഥത്തിൽ വാട്ടർ പ്യൂരിഫിക്കേഷനും ഫിൽട്ടറിംഗും യഥാസമയം ജലസംഭരണികളിൽ നടക്കുന്നില്ലെന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ഇത്. മേലാറ്റൂരിൽ അടുത്തദിവസം പൈപ്പിലൂടെ വെള്ളത്തിനുപകരം മൂർഖൻപാമ്പാണ് വന്നത്. അതുപോലുള്ള കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാട്ടർ പ്യൂരിഫിക്കേഷൻ ശരിക്ക് നടക്കുന്നില്ലെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്യൂരിഫിക്കേഷൻ നടപടികൾ നല്ലരീതിയിൽ നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : കുടിവെള്ളത്തിന്റെ പ്യൂരിഫിക്കേഷൻ നടത്തുന്നുണ്ടെന്ന് ഗവൺമെന്റിന് ബോധ്യമുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ജലവിതരണത്തിനായി സ്ഥാപിച്ചിട്ടുള്ള പൈപ്പുകളിലൂടെ വെള്ളത്തിനുപകരം വരുന്നത് ചേരയും പാമ്പുമൊക്കെയാണെന്നാണ്. അദ്ദേഹം പറഞ്ഞ ആ സ്റ്റേറ്റുമെന്റ് തെറ്റാണ്. ചിലപ്പോൾ ചില സ്ഥലങ്ങളിൽ എവിടെയെങ്കിലും ഒരു പാമ്പോ ചേരയോ ഒക്കെ ഇറങ്ങിവന്നു എന്നിരിക്കും, പക്ഷേ അതിന് പൊതുവായി ഒരു സ്റ്റേറ്റുമെന്റ് അക്കാര്യത്തിൽ നടത്തുന്നത് ശരിയല്ല.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : ഇവിടെ തെറ്റായ യാതൊരുകാര്യവും പറയാറില്ല. ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടിയാണ് ഈ സഭയിൽ കാര്യങ്ങൾ പറയാറുള്ളത്. പൈപ്പുകളിലൂടെ പാമ്പുകളും ചേരയുമൊക്കെ വന്നതിന്റെ ഫോട്ടോ വേണമെങ്കിൽ ഞാൻ കാണിച്ചുതരാം. ഇക്കാര്യം അങ്ങും കണ്ടിട്ടുള്ളതാണ്. ഞാൻ സൂചിപ്പിക്കുന്നത് യൂറോപ്യൻ യൂണിയൻ എന്ന സ്ഥാപനത്തിന്റെ സാമ്പത്തികസഹായത്തോടും വേൾഡ് ബാങ്കിന്റെ സഹായത്തോടും കൂടി ഗ്രാമീണശുദ്ധജല വിതരണ പദ്ധതികൾ ആരംഭിച്ചിട്ട് വർഷങ്ങൾ പലത് കഴിഞ്ഞിരിക്കുന്നു. കാലതാമസമുണ്ടായതുകാരണം പലതിനും സഹായം നിർത്തിവച്ചതായും അറിയുന്നു. തുടങ്ങിവച്ച പദ്ധതികളുടെ പണി യഥാസമയം പൂർത്തീകരിക്കാത്തതുകൊണ്ടും സാങ്ഷൻ കിട്ടിയ പണികൾ യഥാസമയം തുടങ്ങാത്തതുകൊണ്ടുമാണ് ഇങ്ങനെ ധനഹായം മുടങ്ങിപ്പോകുന്ന സാഹചര്യമുണ്ടാകുന്നത്. ഇത്തരം പൂർത്തീകരിക്കാതെ മുടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ക്കിടക്കുന്ന സ്കീമുകൾ ഉണ്ടോ; യഥാസമയത്ത് പൂർത്തീകരിക്കാത്തതു കൊണ്ട് സാമ്പത്തികസഹായം നിഷേധിക്കപ്പെട്ടിട്ടുള്ള സ്കീമുകൾ ഏതെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ ആ സ്കീമുകളെല്ലാം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോൾ അങ്ങനെ സമയത്തിന് പണി പൂർത്തീകരിക്കാത്തതിന്റെ പേരിൽ ഒരു സ്കീമിനും കേന്ദ്രസഹായം നിഷേധിച്ചിട്ടില്ല. വിദേശസഹായത്തോടെയുള്ള സ്കീമുകളുടെ പണികൾ പൂർണ്ണമായും നടപ്പാക്കിയിട്ടില്ലെങ്കിലും അത് പൂർണ്ണമായും നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തും. നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടുകൂടിയുള്ള കുണ്ടറ പദ്ധതിയുടെ പണിയാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്. അത് ഈ സാമ്പത്തികവർഷംതന്നെ കമ്മീഷൻ ചെയ്യാനുള്ള നടപടി സ്വീകരിക്കും. അല്ലാതെ, ഒന്നും ഉപേക്ഷിച്ച് പോയിട്ടില്ല.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ശുദ്ധജല വിതരണരംഗത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലയാണ് കാസർഗോഡ്. കാസർഗോഡു ജില്ലയിലെ ശുദ്ധജലവിതരണപദ്ധതികൾക്കു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി വാട്ടർ അതോറിറ്റിക്കും ഗവൺമെന്റിനും സമർപ്പിച്ചിട്ടുണ്ട് എന്നാണറിയുന്നത്. ആ പദ്ധതികൾ വിവിധ ഗവൺമെന്റുകളുടെ സാമ്പത്തികസഹായം നല്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. അതുകൊണ്ട് കാസർഗോഡുജില്ലയിലെ പദ്ധതികൾകൂടി അതിലുൾപ്പെടുത്തി അവിടത്തെ ശുദ്ധജലവിതരണത്തിനുള്ള പദ്ധതികൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കി ആ പദ്ധതികൾ പ്രാവർത്തികമാക്കുവാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും ശുദ്ധജലം കൊടുക്കണമെന്ന ഉദ്ദേശത്തോടുകൂടി ഒരു ആക്ഷൻ പ്ലാനിൽ ഇത്തരം പ്രദേശങ്ങൾ പ്രത്യേകമായി കണക്കിലെടുക്കുന്നുണ്ട്. പ്രത്യേകിച്ചും മലബാർ ഏരിയായിലെ പൊതുവേയുള്ള കുടിവെള്ളക്ഷാമപ്രശ്നം പരിഹരിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഇപ്പോൾ ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയിൽ ഇരുപത്തിമൂന്നോളം പദ്ധതികൾ അംഗീകരിച്ചിട്ടുള്ളതിൽ പതിനെട്ടോളം പദ്ധതികൾ മലബാർപ്രദേശത്ത് നടപ്പാക്കാനാണുദ്ദേശിച്ചിട്ടുള്ളത്. മലബാർ പ്രദേശത്തെ കുടിവെള്ളത്തിന്റെ കാര്യവും പിന്നോക്കാവസ്ഥയും കണക്കിലെടുത്തുകൊണ്ടാണ് കൂടുതൽ സ്കീമുകൾ മലബാർപ്രദേശത്ത് സ്ഥാപിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നത്.

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്ന പദ്ധതി 2001-ലേക്ക് നമ്മൾ മാറ്റിയിരിക്കുകയാണ്. രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം പൂർത്തിയാക്കുന്നതിന് പല സ്കീമുകളും പ്രാവർത്തികമാക്കുമെന്ന് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞു. എന്നാൽ ഏഴ് ഗ്രാമങ്ങളാണ് കേരളത്തിൽ ഇപ്പോൾ ശുദ്ധജലമെത്താത്തതായിട്ടുള്ളതെന്ന് അദ്ദേഹം പറയുന്നു. നേരത്തേ " വൈദ്യുതപദ്ധതി നടപ്പാക്കിയിരുന്നു, എല്ലാ ഗ്രാമപ്രദേശങ്ങളിലേയും വീടുകളിൽ ഒരു ബൾബ് വീതം കത്തിച്ചാൽ അവിടെ വൈദ്യുതി എത്തിച്ചതായി കണക്കാക്കുന്നുണ്ട്. അതുപോലെ ഒരു ടാപ്പ് ഫിറ്റ് ചെയ്താൽ അവിടെയൊക്കെ കുടിവെള്ളവിതരണ പദ്ധതിയായി എന്നുള്ളതല്ല കാര്യം. ഗ്രാമീണജനങ്ങൾക്ക് യഥേഷ്ടം വെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയെന്നുള്ളത് സർക്കാരിന്റെ പ്രാഥമികമായ ലക്ഷ്യമായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടാണ് കണക്കാക്കുന്നത്. ആ കർത്തവ്യം നിറവേറ്റുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് സർക്കാരിന്റെ അഭിപ്രായമെന്താണ്? അത് എങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, ഈ പദ്ധതികളൊക്കെ നടപ്പിലാക്കുമ്പോൾ തീരെ കുടിവെള്ളത്തിന് സൗകര്യമില്ലാത്തിടത്ത് ഒരു പൈപ്പുവീതം കൊടുക്കുമെന്നല്ല പറയേണ്ടത്. ഓരോ പദ്ധതിയും ഓരോ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിനെക്കുറിച്ച് എന്റെ മറുപടിയുടെ വിശദീകരണത്തിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ആ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പരിമിതമായ തോതിൽ ആവശ്യാനുസരണം വെള്ളം വിതരണം ചെയ്യുകയെന്നുള്ളതാണ് ലക്ഷ്യം. അല്ലാതെ ഒരു ടാപ്പ് സ്ഥാപിക്കുക എന്നുള്ളതല്ല ഗവൺമെന്റിന്റെ നയം.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : നെതർലാന്റ് എയ്ഡ് പ്രോജക്ട് തുടങ്ങിയതിനെക്കുറിച്ചും ഇക്കൊല്ലം കമ്മീഷൻ ചെയ്തതിനെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എൻ.എ.പി-2 ന്റെ രണ്ടാംഘട്ടത്തിൽ ചില ബ്ലോക്കുകളിൽ, പ്രത്യേകിച്ചും മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട ചില ബ്ലോക്കുകളിൽ അവിടെയുള്ള ചില പഞ്ചായത്തുകളിലെ സ്കീമുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഇത് നടപ്പാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. എൻ.എ.പി.-2 ന്റെ ചില തീരുമാനങ്ങളൊക്കെ പുറത്തുവന്നിട്ടുണ്ട്. പക്ഷേ അതിൽ കുറച്ചൊരു നിശ്ചലാവസ്ഥ നിലനിൽക്കുകയാണ്. എന്താണിപ്പോൾ എൻ.എ.പി.-2 ന്റെ സ്ഥിതി? അത് ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; എന്താണതിന്റെ നിജസ്ഥിതിയെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അതേക്കുറിച്ച് വിശദമായി പറയണമെങ്കിൽ പ്രത്യേക ചോദ്യം വേണം.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ പലതിനും കാലതാമസമുണ്ടാകുന്നതിന് പ്രധാന കാരണം അതിന്റെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിലുണ്ടാകുന്ന കാലതാസം ആണെന്നാണ് കരുതുന്നത്. ഇപ്പോൾ ടാങ്കുകളുടെയൊക്കെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കിക്കിട്ടാൻ വളരെ കാലതാമസമുണ്ടാകുന്നുണ്ട്. എന്റെ അനുഭവത്തിൽനിന്ന് പറയുകയാണ്, എന്റെ നിയോജകമണ്ഡലത്തിൽ ഒരു ഓഗ്മെന്റേഷൻ സ്കീമുണ്ട്. അതിന്റെ ഒരു ടാങ്കിന്റെ സ്ട്രക്ചറൽ ഡിസൈൻ അപ്രൂവ് ചെയ്യാനായി കൊടുത്തത് ആർ.ഇ.സി.ക്കാണ്. ആർ.ഇ.സി. ഒരു വലിയ സ്ഥാപനമാണ്. ആർ.ഇ.സി. ക്ക് നമ്മളൊക്കെ ഒരു ചെറിയ കാര്യമാണ്. വാട്ടർ അതോറിറ്റി എന്നൊക്കെ പറഞ്ഞാൽ അവർക്ക് നിസ്സാരമായ കാര്യമാണ്. ആ ടാങ്കിന്റെ സ്ട്രക്ചറൽ ഡിസൈൻ അംഗീകരിച്ചുകിട്ടുന്നതിന് ഒരുകൊല്ലത്തെ സമയമെടുത്തു. അതുകൊണ്ട് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കാൻ ആഗ്രഹിക്കുന്ന കാര്യം ആർ.ഇ.സി.യെപ്പോലുള്ള സ്ഥാപനങ്ങളെ സ്ട്രക്ചറൽ ഡിസൈനിന്റെ അംഗീകാരത്തിനായി ആശ്രയിക്കാതെ സ്ട്രക്ചറൽ ഡിസൈൻപോലുള്ള കാര്യങ്ങൾക്ക് ഇവിടെത്തന്നെ പെട്ടെന്ന് അംഗീകാരം കൊടുത്തുകൊണ്ട് വർക്ക് നടത്തിക്കാൻ വേണ്ട വല്ല പദ്ധതിയും നമുക്കുണ്ടോ; ഉണ്ടെങ്കിൽ അതിനെക്കുറിച്ച് എന്തെങ്കിലും വിശദീകരണം അങ്ങേയ്ക്ക് തരാൻ കഴിയുമോ എന്നതാണ്.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : വാട്ടർ അതോറിറ്റിയിൽത്തന്നെ ഇപ്പോൾ സ്ട്രക്ച്ചറൽ ഡിസൈൻ അംഗീകരിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. കാലതാമസം വരുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, അക്കാര്യം ശരിയാണ്. പല വാട്ടർ സപ്ലൈ സ്കീമിന്റേയും കാലതാമസത്തിന് പലതാണ് കാരണ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ. ആ കാരണങ്ങളൊക്കെ ഒഴിവാക്കാൻ ഗവൺമെന്റിന് ഇപ്പോൾ ചില കർക്ക ശമായ തീരുമാനങ്ങളെടുത്തിട്ടുണ്ട്. ഒരു ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി അനുവദിക്കുമ്പോൾ അത് കേന്ദ്ര ഗവൺമെന്റിന്റെ സ്കീമാണെങ്കിൽ അതിനു വേണ്ട സ്ഥലം ബന്ധപ്പെട്ട സ്ഥലത്തെ പഞ്ചായത്ത് സപ്ലൈ ചെയ്യണം. പദ്ധതി യുടെ ആവശ്യത്തിലേയ്ക്കായുള്ള സ്ഥലം പഞ്ചായത്ത് കൊടുക്കണമെന്നാണ് വ്യവസ്ഥ. പക്ഷേ സ്ഥലമെടുക്കാൻ പഞ്ചായത്തിന് ചിലപ്പോൾ പണം കാണുകയി ല്ല. അതുകൊണ്ട് സ്ഥലമെടുക്കാൻ താമസംവരുന്നു. അങ്ങനെ ആ പദ്ധതി പ്രാവർത്തികമാക്കാൻ കഴിയാതെ രണ്ടും മൂന്നും നാലും കൊല്ലക്കാലംവരെ നീണ്ടുപോകുന്നു. അതുകൊണ്ട് ഇപ്പോൾ വാട്ടർ അതോറിറ്റി തീരുമാനിച്ചിരിക്കു ന്നത് സ്ഥലമെടുപ്പിനുവേണ്ടി ഒരു റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കി പഞ്ചായത്തു കൾക്ക് പദ്ധതികൾക്കുവേണ്ടി സ്ഥലമെടുപ്പിനായി സഹായം കൊടുക്കുക, എന്നിട്ട് ആ പണം ആ പഞ്ചായത്ത് തവണകളായോമറ്റോ വാട്ടർ അതോറിറ്റിയിലേക്ക് അട ച്ചാൽ മതി എന്നാണ്. ഇപ്പോൾ കാലതാമസം ഒഴിവാക്കാൻ അങ്ങനെയൊരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതുപോലെതന്നെ മെറ്റീരിയൽസ് വാങ്ങുന്നതിനെ ക്കുറിച്ച് തടസ്സങ്ങളുണ്ടായിരുന്നു. എന്തുകൊണ്ടാണ് അതിന് തടസ്സങ്ങളുണ്ടായിട്ടു ള്ളതെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാം. കഴിഞ്ഞ കാലത്തൊക്കെ മെറ്റീരി യൽസ് വാങ്ങിയതിൽ കുറേയൊക്കെ നടപടിപ്പിശകുകൾ ഉണ്ടായതുകൊണ്ട് അക്കാര്യത്തിൽ കുറച്ചു നിയന്ത്രണം വന്നു. അതുകൊണ്ട് ഇപ്പോൾ റേറ്റ് കോൺട്രാക്ട് സിസ്റ്റത്തിൽ മെറ്റീരിയൽസ് വാങ്ങാനാണ് ഗവൺമെന്റ് തീരുമാ നിച്ചിട്ടുള്ളത്. അപ്പോൾ സ്വാഭാവികമായിട്ടും മെറ്റീരിയൽസിന്റെ ക്ഷാമംകൊണ്ട് കാലതാമസം ഉണ്ടാകുമായിരുന്നു. അതുപോലെതന്നെ മോഡേൺ കോൺട്രാക്ട് സിസ്റ്റത്തിൽ - മോഡേൺ കോൺട്രാക്ട് സിസ്റ്റം എന്നുപറഞ്ഞാൽ ഒരു പ്രോജക്ട് ആരംഭിക്കുംമ്പോൾത്തന്നെ നാലഞ്ച് കരാറുകാർക്കായിരിക്കും അത് കൊടുക്കുന്നുത്. അതായത് ടാങ്ക് ഉണ്ടാക്കാൻ ഒരു കരാറുകാരൻ, സംപ് ഉണ്ടാക്കാൻ ഒരു കരാറുകാരൻ, സംപ് പൈപ്പ്ലൈൻ നീട്ടാൻ ഒരു കരാറുകാരൻ, ഇങ്ങനെ മൂന്നുനാല് കരാറുകാരായിരിക്കും ഒരു വർക്കിന്റെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നത്. ആ ഏർപ്പാട് ഇനിയും തുടരുന്നില്ല. കാലതാമസം ഒഴി വാക്കുന്നതിനുവേണ്ടി മൂന്നുകോടി രൂപയ്ക്ക് മുകളിൽ വരുന്ന എല്ലാ വർക്കുകളും പുതിയ മോഡേൺ കോൺട്രാക്ട് സിസ്റ്റത്തിൽ, അതായത് ഇ.പി.സി.എം.ഒ. എന്ന സിസ്റ്റത്തിൽ കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

<u>ശ്രീ. പി.കെ.കെ. ബാവ</u> : നമ്മുടെ സംസ്ഥാനത്ത് ഏഴ് വില്ലേജുകളിൽ ഇപ്പോഴും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഒന്നും ആരംഭിച്ചിട്ടി ല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് നടക്കാനുള്ള സാധ്യതയെക്കു റിച്ച് ഒരു ഉറപ്പ് ലഭിച്ചിട്ടില്ല. എന്നിരുന്നാലും പൂർത്തിയാക്കി കമ്മീഷൻചെയ്തി ട്ടുള്ള കുറേ പദ്ധതികൾ നമ്മുടെ നാട്ടിൻപുറങ്ങളിലും വില്ലേജുകളിലുമൊക്കെ ഉണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ബഹുമാനപ്പെട്ട മന്ത്രി വന്ന് കോൺഫറൻസ് നടത്തിയപ്പോൾ ഞാൻ അക്കാര്യത്തെക്കുറിച്ച് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആ സ്കീം കമ്മീഷൻ ചെയ്തുവെന്നാണ് ഉദ്യോ ഗസ്ഥർ പറയുന്നത്. പക്ഷേ ഒരു തുള്ളിവെള്ളംപോലും അവിടത്തെ നാട്ടുകാർക്ക് ലഭിക്കുന്നില്ല. ഇതുസംബന്ധിച്ച് അന്വേഷിക്കാമെന്ന് ബഹുമാന പ്പെട്ട മന്ത്രി അന്ന് പറഞ്ഞിരുന്നു. അതുസംബന്ധിച്ച എന്തെങ്കിലും അന്വേ ഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുപോലെ കമ്മീഷൻ ചെയ്തിട്ടും വെള്ളം ലഭിക്കുന്നില്ലെന്ന പരാതി പരിശോധിച്ച് അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? ഇതുപോലെ അനാവശ്യമായി സർക്കാ രിന്റെ കാശ് ധൂർത്തടിക്കുന്ന പദ്ധതികൾ ഉപേക്ഷിക്കുന്നതിനോ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

അത് കാര്യക്ഷമമായി നടത്തുന്നതിനോ ആവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇപ്പോൾ ഏഴ് വില്ലേജുകളിൽ വെള്ളം ലഭിക്കുന്നില്ലെന്ന് പറഞ്ഞുവെങ്കിലും അവിടെ യാതൊന്നും ചെയ്യുന്നില്ലെന്നുള്ളതല്ല അതിന്റെ അർത്ഥം. ഓരോ സ്ഥലത്തെയും പഞ്ചായത്തുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികളാണ് ഞാൻ എന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്. അവിടെ വളരെവേഗം വെള്ളംകിട്ടാൻ എന്തൊക്കെ നടപടി സ്വീകരിക്കാൻ കഴിയും എന്ന് പരിശോധിച്ച് അതൊക്കെ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതായത് നിലവിലുള്ള ശുദ്ധജല വിതരണപദ്ധതികൾ, ഏറെക്കൊല്ലങ്ങളായി പണി ചെയ്ത് കമ്മീഷൻചെയ്തിട്ടുള്ളതിന്റെ പുനരുദ്ധാരണത്തിനുവേണ്ടി ഈ ബഡ്ജറ്റിൽ 15 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

<u>ശ്രീ. പി.കെ.കെ. ബാവ</u> : ഇപ്പോൾ വിതരണം ചെയ്യുന്ന വെള്ളം ശുദ്ധീകരിക്കുന്നതിലുണ്ടായിട്ടുള്ള പാകപ്പിഴകളെക്കുറിച്ച് നേരത്തേ ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. പൈപ്പിലൂടെ വിതരണംചെയ്യുന്ന ജലത്തിൽ ഇഴജന്തുക്കളും മറ്റും കയറിക്കൂടി ടാപ്പിലൂടെ കടന്നുവരാനിടയാകുന്നു, അതുമാത്രമല്ല ഇഴജന്തുക്കളെക്കൂടാതെ മറ്റുവിധത്തിലുള്ള മാലിന്യങ്ങളും അഴുക്കുകളും കലർന്ന വെള്ളമാണ് ചില സ്ഥലങ്ങളിലൊക്കെ പൈപ്പുകളിലൂടെ വരുന്നത്. ഇതേക്കുറിച്ച് പരിശോധിക്കാനും കുടിക്കാനുപയോഗിക്കാവുന്ന വിധത്തിലുള്ള ശുദ്ധജലംതന്നെയാണ് പൈപ്പുകളിലൂടെ വിതരണം ചെയ്യുന്നതെന്ന് ഉറപ്പുവരുത്തുന്നതിനുംവേണ്ടി എന്തെല്ലാം പരിശോധനാസംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്? പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതുപോലെയുള്ള നടപടികൾ ജലവിതരണത്തിന്റെ കാര്യത്തിൽ സ്വീകരിക്കുമോ? ശുദ്ധജലത്തിന്റെ വിതരണം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ഏതെങ്കിലും വിധത്തിലുള്ള പരിശോധന നടത്തി ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ശുദ്ധജലവിതരണം നടത്തുന്നതിനായി ഉപയോഗിക്കുന്ന എല്ലാ ട്രീറ്റ്മെന്റ് പ്ലാന്റിനകത്തും അത് പരിശോധിക്കുതിനുള്ള സംവിധാനമുണ്ടെന്ന് മാത്രമല്ല 14 ജില്ലകളിലും ഇത് പരിശോധിക്കുന്നതിനുള്ള ലബോറട്ടറികളുമുണ്ട്. ആ ലബോറട്ടറികളിൽ വെള്ളം മാത്രം പരിശോധിക്കുകയല്ല, വെള്ളത്തിൽ ചേർക്കുന്ന ക്ലോറിൻ, ആലം ഇതൊക്കെ നല്ലതാണോയെന്നും പരിശോധിച്ചശേഷമാണ് വിതരണം ചെയ്യുന്നത്. വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്ന കാര്യത്തിൽ വാട്ടർ അതോറിറ്റി തന്നെ നേരിട്ട് നടപടി സ്വീകരിക്കുന്നുണ്ട്.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ പറഞ്ഞത് ഇനിയും ഏഴ് വില്ലേജുകളിൽ മാത്രമേ നമ്മുടെ സംസ്ഥാനത്ത് ശുദ്ധജലം ലഭ്യമാക്കാനുള്ളൂ, മറ്റുള്ള 77 വില്ലേജുകളിൽ പൂർണ്ണമായും 1300 എണ്ണത്തിൽ ഭാഗികമായും ശുദ്ധജലവിതരണത്തിനുള്ള സൗകര്യമേർപ്പെടുത്തിയിട്ടുണ്ട് എന്നാണ്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ കണക്കനുസരിച്ച് 46% റൂറൽ പോപ്പുലേഷനും 75% അർബൻ പോപ്പുലേഷനും മാത്രമാണ് ഇപ്പോൾ ശുദ്ധജലലഭ്യതയ്ക്കുള്ള സൗകര്യമുള്ളത് എന്നാണ്. ബാക്കിവരുന്ന ഏകദേശം 50 ലക്ഷത്തോളം ജനങ്ങൾക്കുവേണ്ട ശുദ്ധജലവിതരണ സൗകര്യമേർപ്പെടുത്തിക്കൊടുക്കണമെങ്കിൽ അതിനായി ഏകദേശം മൂവായിരംകോടി ഉറുപ്പിക വേണമെന്നാണ് കണക്കാക്കിയിരിക്കുന്നത്. രണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യിരാമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യമെന്ന് പറഞ്ഞുകൊണ്ട് പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിന് പണം നീക്കി വച്ചുകൊണ്ടുമാത്രം ഈ ലക്ഷ്യം നേടാൻ സാധിക്കുമോ? അതിനുവേണ്ടി പുതിയ ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : പുതിയ പദ്ധതികളൊക്കെ ആവിഷ്കരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രണ്ടായിരാമാണ്ട് എന്നു പറയുമ്പോൾ അതൊരു ആക്ഷൻ പ്ലാനാണ്. മൂന്നുവർഷംകൊണ്ട് കംപ്ലീറ്റ് ആകുന്ന ഒരു ആക്ഷൻ പ്ലാനാണ്. ഗവൺമെന്റ് 1423 കോടിരൂപയാണ് അതിനുവേണ്ടി ലക്ഷ്യമിട്ടിരിക്കുന്നത്. അത് കൂടാതെ ഒട്ടേറെ പദ്ധതികളുണ്ട്. അഞ്ച് ജില്ലകളിൽ വളരെ വിപുലമായി, പത്തും പന്ത്രണ്ടും പഞ്ചായത്തുകളിൽ കംപ്ലീറ്റായിട്ട്. കുടിവെള്ളം കൊടുക്കത്തക്കനിലയിൽ ഒ.ഇ.സി.എഫ്. ന്റെ സപ്ലൈ സ്കീം പരിപാടി ആരംഭിക്കാൻ പോവുകയാണ്. അടുത്ത ഒന്നു രണ്ടാഴ്ചയ്ക്കുള്ളിൽത്തന്നെ അതിന്റെ നടപടികൾ ത്വരിതഗതിയിൽ കൊണ്ടുവരാനും ആലോചനയുണ്ട്. അതുപോലെതന്നെ ഒട്ടേറെ പുതിയ പദ്ധതികളുമുണ്ട്.

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> : വരൾച്ചയുണ്ടാകുന്ന സമയത്ത് കുടിവെള്ളം ലോറികളിൽ എത്തിക്കുന്നതിനായി സപ്ലിമെന്ററി ഡിമാന്റിൽ പണം നീക്കിവച്ചിട്ടുണ്ട്. അത് ഏതൊക്കെ പഞ്ചായത്തുകളിലാണ് വിതരണം ചെയ്യുന്നത്; അതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ് എന്നുകൂടി വിശദീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ജില്ലാ കളക്ടറുടെ നേതൃത്വത്തിലാണ് ലോറികളിൽ വെള്ളം എത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. വരൾച്ചയുണ്ടാകുന്ന സമയത്ത് എവിടെയെല്ലാം ആവശ്യത്തിന് കുടിവെള്ളം കൊടുക്കണമെന്ന് ജനപ്രതിനിധികളും ജില്ലാ കളക്ടറും എല്ലാവരും കൂടിയിരുന്ന് ചർച്ചചെയ്ത് തീരുമാനിച്ചിട്ട് അതിന്റെ അടിസ്ഥാനത്തിൽ തഹസീൽദാർമാർവഴി ജനപ്രതിനിധികളുടെ സഹായത്തോടുകൂടിയാണ് എല്ലാ സ്ഥലത്തും ലോറികളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

<u>ശ്രീ. പി. വിശ്വൻ</u> : നമ്മുടെ സംസ്ഥാനത്ത് ഇഷ്ടംപോലെ മഴ കിട്ടുന്നുണ്ടെങ്കിലും ഗ്രാമീണമേഖലയിൽ ശുദ്ധജലം കിട്ടാത്ത അവസ്ഥയുണ്ട്. അതിന് മാറ്റമുണ്ടാക്കണം. നിരവധി കുളങ്ങൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിലുണ്ട്. ആ കുളങ്ങൾ സംരക്ഷിക്കാനും പുതിയ കുളങ്ങൾ നിർമ്മിക്കാനുമുള്ള സമഗ്രമായ ഒരു പദ്ധതിക്ക് സർക്കാർ മുൻകൈയെടുക്കുമോ; ആ കുളങ്ങളിൽ വേണമെങ്കിൽ മൽസ്യവും വളർത്താൻ കഴിയും. ആ രൂപത്തിൽ ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കിയാൽ ജലക്ഷാമത്തിന് പരിഹാരമുണ്ടാക്കാനും മൽസ്യസമ്പത്ത് വർദ്ധിപ്പിക്കാനും കഴിയുന്നതാണ്; അതുകൊണ്ട് അത്തരമൊരു പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ച് നടപ്പാക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. നമ്മുടെ സംസ്ഥാനത്ത് പഴയകാലത്ത് പല തറവാടുകളിലെ പറമ്പുകളിലും കുളവും കാവുമൊക്കെ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് കുളങ്ങളെല്ലാം നികന്നുപോയതിന്റെ ഫലമായി അതിന്റെ ദോഷവശങ്ങൾ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് പഞ്ചായത്തുകൾവഴിയും അല്ലാതെയും പരമാവധി പൊതുകുളങ്ങൾ ഉണ്ടാക്കാനും നമുക്കുള്ള പൊതുകുളങ്ങൾ സംരക്ഷിക്കാനും പൊതുകിണറുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്നതിനുമുള്ള നടപടികൾ ജനകീയാസൂത്രണംവഴി നടത്തണം എന്നും നിർദ്ദേശം കൊടുത്തുകൊണ്ട് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. പി. വിശ്വൻ : കൊയിലാണ്ടി താലൂക്കിലെ ഏറ്റവും സമഗ്രമായ ഒരു ശുദ്ധജലവിതരണ പദ്ധതിയാണ് പെരുവണ്ണാമൂഴി ശുദ്ധജല വിതരണപദ്ധതി. 25 ഗ്രാമപഞ്ചായത്തുകൾക്കും ഒരു മുനിസിപ്പാലിറ്റിക്കും ശുദ്ധജലമെത്തിക്കാൻ ഈ പദ്ധതിയുടെ പണി പൂർത്തിയാക്കിയാൽ നമുക്ക് കഴിയും. എന്നാൽ ഈ പദ്ധതിയുടെ പണി തുടങ്ങിയിട്ട് പത്തിരുപത് കൊല്ലങ്ങളായി. ഇപ്പോഴാണെങ്കിൽ 25 ഗ്രാമപഞ്ചായത്തുകളും അവയുടെ പദ്ധതി വിഹിതം കൊണ്ട് ചെറുതും വലുതുമായ പദ്ധതികൾ ഉണ്ടാക്കുന്നുണ്ട്. വൻ നഷ്ടമാണ് ഇതുകൊണ്ട് സർക്കാർ ജനാവിന് ഉണ്ടാകുന്നത്. അതുകൊണ്ട് പെരുവണ്ണാമൂഴി ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാക്കാനുള്ള നടപടികൾ സർക്കാർ ദ്രുതഗതയിൽ സ്വീകരിക്കുമോ? ഇപ്പോൾ ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇതേക്കുറിച്ച് ഇവിടെ വിശദീകരിക്കണമെങ്കിൽ അതിന് പ്രത്യേക നോട്ടീസ് വേണം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരിക്കൽ ഇതേക്കുറിച്ച് പറഞ്ഞതാണ്. പെരുവണ്ണാമൂഴി പദ്ധതിയെ സംബന്ധിച്ച് ഒരു റെവ്യൂ നടത്തി. അതേക്കുറിച്ച് കൂടുതൽ പറയണമെങ്കിൽ പ്രത്യേക ചോദ്യമായി എഴുതിത്തരണം.

പ്രതിപക്ഷനേതാവ് (ശ്രീ.എ.കെ. ആന്റണി) : ചേർത്തല താലൂക്ക് ഉൾപ്പെടെ കേരളത്തിലെ അഞ്ച് പ്രദേശങ്ങളിലുള്ള നാല്പത് ലക്ഷത്തോളം ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടുകൂടിയുള്ള ശുദ്ധജലവിതരണ പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി അതിന്റെ കൺസൾട്ടന്റിന്റെ നിയമനം വൈകിപ്പോകുന്നതുകൊണ്ട് ഇതേവരെ അതിന്റെ പണി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. അതിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ്? ഇതേക്കുറിച്ച് ജനങ്ങളുടെ ഇടയിൽ വലിയ ആശങ്കയുണ്ട്. കൺസൾട്ടന്റിന്റെ നിയമനത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഗവൺമെന്റ് തീരുമാനം എടുത്തു കഴിഞ്ഞു. കൺസൾട്ടന്റിനെ നിയമിക്കുന്നതിനെ സംബന്ധിച്ച് ഒ.ഇ.സി.എഫ്. ഉം ഗവൺമെന്റുമായി തർക്കമുണ്ടായിരുന്നു. ഗവൺമെന്റിന് ആ കാര്യത്തിൽ ചില അഭിപ്രായങ്ങൾ ഉണ്ടായിരുന്നു. അതനുസരിച്ച് അതിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. അവരുമായി ചർച്ച നടന്നു. അതിൽനിന്നും ഒട്ടുംതന്നെ വ്യത്യാസം വരുത്താൻ അവർ തയ്യാറല്ലായെന്നുള്ളതുകൊണ്ട് നമ്മൾ അക്കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിച്ചാൽ ആ പദ്ധതി നമുക്ക് നഷ്ടപ്പെടും എന്നുള്ളതുകൊണ്ട് ഗവൺമെന്റ് അവരുടെ നിർബന്ധത്തിനുതന്നെ സമ്മതിച്ച് അതിന് അംഗീകാരം കൊടുത്തിട്ട് അത് അടിയന്തിരമായി തുടങ്ങാനുള്ള നടപടികളെടുത്തത്. കൺസൾട്ടന്റിനെ നിയമിക്കും. അതിന്റെ ഇവാലുവേഷൻ നടക്കും. അടിയന്തിരമായി അതിന്റെ വർക്ക് നടക്കും. അതെല്ലാം സ്പീഡ് അപ്പ് ചെയ്യാനുള്ള നടപടിയായിട്ടുണ്ട്. ഇപ്പോൾ ഒരാൾ ഹൈക്കോടതിയിൽ ഇത് സ്റ്റേ ചെയ്യാനുള്ള നടപടിക്ക് ഒ.പി. ഫയൽ ചെയ്തിട്ടുണ്ട്. വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരും സെക്രട്ടറിയും എറണാകു

LIBRARY ARCHIVES Kerala Legislative Assembly

ളത്ത് പോയിട്ടുണ്ട്. ഒരു കാരണവശാലും അതിനെ തടസ്സം ചെയ്യാൻ സാധിക്കുകയില്ല.

<u>ശ്രീ. ജി. സുധാകരൻ</u> : ആലപ്പുഴ ജില്ലയിലെ ചേർത്തല കുട്ടനാട്, അമ്പലപ്പുഴ എന്നീ താലൂക്കുകളിൽ ജലത്തിൽ ഫ്ലൂറൈഡിന്റെ കണ്ടന്റ് സാച്വറേഷൻ പോയിന്റ് കഴിഞ്ഞ് 3000-ൽ അധികമായിരിക്കുന്നുവെന്ന് കോഴിക്കോട് ജല പഠനകേന്ദ്രം വെളിപ്പെടുത്തിയ സാഹചര്യത്തിൽ ആലപ്പുഴയിൽ ശുദ്ധജലം അപൂർവ്വ വസ്തുവായി മാറുകയാണ്. ഗുണമേൻമ വർദ്ധിപ്പിക്കാൻ ആലപ്പുഴ ജില്ലയെ സംബന്ധിച്ച് എടുത്ത സവിശേഷമായ നടപടികൾ അങ്ങ് വ്യക്തമാക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ആലപ്പുഴയെ സംബന്ധിച്ച് ഫ്ലൂറൈഡ് ജലത്തിൽ അളവിൽ വളരെ കൂടുതലാണ് എന്ന മെമ്പറുടെ സ്റ്റേറ്റ്മെന്റ് ശരിയാണ്. അത് പരമാവധി ഒഴിവാക്കാനും ഇപ്പോൾ നിലവിലിരിക്കുന്ന നമ്മുടെ സംവിധാനംകൊണ്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന് സ്ഥായിയായ മാറ്റം വരണം. സ്ഥായിയായ മാറ്റം വരണമെങ്കിൽ കുഴൽക്കിണർ(ഭൂഗർഭജലം)സംവിധാനത്തിന് മാറ്റം വരണം. ഒ.ഇ.സി.എഫ്-ന്റെ വർക്ക് കംപ്ലീറ്റായാലും അച്ചൻകോവിൽ ആറിൽനിന്ന് വെള്ളം എടുത്ത് സമഗ്രമായ ഒരു പദ്ധതി ആലപ്പുഴയിൽ നടപ്പിലാക്കിയെങ്കിൽ മാത്രമേ അതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളുവെന്ന കാര്യം മനസ്സിലാക്കിക്കൊണ്ട് ഗവൺമെന്റ് അടിയന്തിരമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞു.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : പല ശുദ്ധജല വിതരണ പദ്ധതികളുടേയും സംഭരണപ്രദേശങ്ങളിൽ കാലപ്പഴക്കംകൊണ്ട് ചെളിയും മണ്ണുമൊക്കെ നിറഞ്ഞ് സംഭരണിയുടെ കപ്പാസിറ്റി തന്നെ കുറഞ്ഞുപോകുന്നു എന്ന കാര്യം പരിഗണിച്ച് അത് ശുദ്ധീകരിക്കാനും കൂടുതൽ കപ്പാസിറ്റിയുള്ളതാക്കുവാനുമുള്ള സമയബന്ധിതമായ പരിപാടി നടപ്പിലാക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഈ കാര്യം ബഹുമാനപ്പെട്ട മെമ്പറോ ആരെങ്കിലുമോ ഗവൺമെന്റിന്റെ ശ്രദ്ധയിൽ ബോദ്ധ്യപ്പെടുത്തിയാൽ അതിന് അടിയന്തിരമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ടി. നാണുമാസ്റ്റർ</u> : ജലശുദ്ധീകരണത്തിന്, ക്ലോറിൻ വെള്ളത്തിൽ ലയിച്ചുചേരുന്നതിന് കൂടുതൽ സമയം വേണ്ടിവരും. അതുകൊണ്ട് ജല ശുദ്ധീകരണത്തിന് ക്ലോറിൻ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയവ അല്ലാതെ ചെലവ് കുറഞ്ഞതും ഗുണമേൻമയുള്ളതുമായ മറ്റു വസ്തുക്കൾ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇതിനേക്കാൾ ചെലവുകുറഞ്ഞ ഒരു സംവിധാനം ജല ശുദ്ധീകരണത്തിൽ ഏർപ്പെടുത്താനില്ല. എന്നാൽ ഇതിനെക്കാൾ ചെലവു കൂടിയ ഒരു സംവിധാനമുണ്ട്. അത് ഇൻഡ്യയിൽ ഒരു സ്ഥലത്തുമില്ല. അമേരിക്കയിലും വിദേശരാജ്യങ്ങളിലും ആ സംവിധാനമാണ് ഉപയോഗിക്കുന്നത്. പക്ഷെ നമ്മളെക്കൊണ്ട് അത് താങ്ങാൻ പറ്റില്ല.

<u>ശ്രീമതി കെ.ആർ. ഗൗരിഅമ്മ</u> : ചേർത്തല താലൂക്കിൽ വെള്ളം മോശമാണെന്ന് പറഞ്ഞു. അരൂർ പഞ്ചായത്തിലെ കുഴൽകിണറിൽ വെള്ളം തീർന്നു പോയതുകൊണ്ട് ആ മോശമായ വെള്ളംപോലും കിട്ടുന്നില്ല. കുടിവെള്ളം എല്ലാ ദിവസവും ആവശ്യമാണ്. രണ്ടുകൊല്ലം കഴിഞ്ഞിട്ട് കിട്ടിയാൽ പോര. പള്ളൂർ കുമ്പളത്തിലേക്ക് പോകുന്ന ലൈൻ ഈ പ്രദേശത്തിന്റെ അടുത്തുകൂടെത്തന്നെ പോകുന്നുണ്ട്. അതിൽനിന്നും ആളുകൾക്ക് വെള്ളം കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

എക്സസ് ആയിട്ട് 20000 ഗ്യാലൻ വെള്ളം ദിവസവും കിട്ടുമെന്നാണ് പറയുന്നത്. അത് ഒന്ന് തുറന്നുകൊടുക്കാൻ തയ്യാറാകുമോ? കഴിഞ്ഞ പ്രാവശ്യം നോക്കാമെന്ന് അങ്ങ് പറഞ്ഞിരുന്നതാണ്. അതിന്റെ നടപടി യാതൊന്നും ആയിട്ടില്ല.

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ബഹുമാനപ്പെട്ട മെമ്പർ അക്കാര്യം എഴുതിത്തന്നാൽ തീർച്ചയായിട്ടും അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ</u> : ഇതിനു മുൻപും ഈ വിഷയം ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ശുദ്ധജല വിതരണ പദ്ധതി ഒന്നും പത്തനംതിട്ട ജില്ലയിലെ ഗ്രാമീണ ശുദ്ധജല പദ്ധതിയിൽ വന്നിട്ടില്ല. പ്രത്യേകിച്ച് ആറൻമുള നിയോജകമണ്ഡലത്തിൽ യാതൊന്നും തന്നെ ഇതുവരെ ഉണ്ടായിട്ടില്ല. അതുപോലെതന്നെ പ്രവർത്തിച്ചിരുന്ന ശുദ്ധജല പദ്ധതികളെല്ലാം തകരാറിലുമാണ്. അതുകൊണ്ട് ആ പദ്ധതികൾക്ക് മുൻഗണന കൊടുത്ത് അവിടത്തെ ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : നേരത്തേ ഞാൻ ഉത്തരം പറഞ്ഞപ്പോൾ പറഞ്ഞതാണ്. നിലവിലിരിക്കുന്ന ശുദ്ധജലപദ്ധതികളിൽ എന്തെങ്കിലും തകരാറുകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ഇപ്പോൾ ബഡ്ജറ്റിൽ പ്രൊവിഷനുണ്ട്. അതിന് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഒ.ഇ.സി.എഫ്. പദ്ധതിക്ക് ഒരു ജപ്പാൻ കമ്പനിക്ക് തന്നെ കൺസൾട്ടൻസി കൊടുക്കണമെന്ന് നിർബന്ധമുണ്ടെന്നും അവർക്കു കൊടുക്കാതെപോയാൽ ആ പദ്ധതി നഷ്ടപ്പെടുമെന്നും ബഹുമാനപ്പെട്ട കുട്ടപ്പൻ ഈ സഭയിൽ പറഞ്ഞിരുന്നു. അത് ശരിയാണെന്ന് ഇപ്പോൾ ഗവൺമെന്റിന് ബോദ്ധ്യമുണ്ടോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇല്ല. ആ പറഞ്ഞ സ്റ്റേറ്റ്മെന്റ് ശരിയല്ല. അതായത് കൺസൾട്ടന്റിനെ നിയമിക്കാനുള്ള ഷോർട്ട് ലിസ്റ്റുണ്ടാക്കിയപ്പോൾ അഞ്ച് പേരുകളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചത്. അതിനുശേഷം അതിന്റെ പരിശോധന വന്ന് പല കമ്പനികളുടേയും ഗ്ലോബൽ ടെണ്ടർ വിളിച്ചപ്പോൾ പരാതി വന്നതിന്റെയടിസ്ഥാനത്തിൽ രണ്ടാമത് ഷോർട്ട് ലിസ്റ്റുണ്ടാക്കി. ആ ഷോർട്ട് ലിസ്റ്റിൽനിന്ന് രണ്ടു കമ്പനികൾ ഇവിടെ വന്നു. അതിൽ ഒന്ന് ജപ്പാൻ കമ്പനി ആണ്. അതിൽ നടപടിപ്പിശകുണ്ടെന്ന് പറഞ്ഞ് ഗവൺമെന്റ് പരിശോധിക്കാൻ തീരുമാനിച്ചു. ആ പരിശോധനയാണ് പ്രശ്നം. അവർക്ക് കൊടുക്കണമോ വേണ്ടയോ എന്ന് ഇവാല്യൂവേഷൻ നടത്തുന്നവരാണ് നിശ്ചയിക്കുന്നത്. അത് ഗവൺമെന്റ് നേരിട്ട് കൊടുക്കുകയില്ല. ഷോർട്ട് ലിസ്റ്റിൽ വരുന്നവരെ പരിശോധിച്ച് ഇവാല്യൂവേഷൻ നടത്തിയാണ് ഇത് കൊടുക്കുന്നത്. അപ്പോൾ അതിനകത്ത് രണ്ടു കമ്പനിയെക്കൂടി ചേർക്കണമെന്നുണ്ടായിരുന്നു. അല്ലാതെ ജപ്പാൻ കമ്പനിയെ ഉൾപ്പെടുത്തണമെന്നില്ല.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യവുമായി ബന്ധപ്പെട്ടതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ പ്രശ്നം തന്നെയാണ് എനിക്കും ഉന്നയിക്കാനുള്ളത്. കേരളത്തിലെ അഞ്ച് ജില്ലകളിലായി വളരെ പ്രധാനപ്പെട്ട ഒരു പദ്ധതിയെന്ന നിലയിലാണ് ഒ.ഇ.സി.എഫ്-ന്റെ സഹായത്തോടുകൂടിയുള്ള ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അത് 2003-ൽ പൂർത്തിയാകുമെന്നാണ് ഇതിനുമുൻപ് ഈ അസംബ്ലിയിൽ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചത്. കൺസൾട്ടന്റിനെ നിശ്ചയി

LIBRARY ARCHIVES Kerala Legislative Assembly

ക്കാൻ താമസം വന്ന പശ്ചാത്തലത്തിൽ 2003-ൽത്തന്നെ ഈ പദ്ധതി പൂർത്തിയാക്കുന്നതിനു സാധിക്കുമോ? തളിപ്പറമ്പിൽ അഡ്വാൻസ്ഡ് വാട്ടർ സപ്ലൈ സ്കീം ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അവിടെ ഭൂമി എടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഒന്നും സജീവമായിട്ട് നടക്കുന്നില്ല. ആ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങൾ സജീവമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഒ.ഇ.സി.എഫുമായിട്ടുള്ള കരാർ വ്യവസ്ഥ അനുസരിച്ച് 2003-ൽ കമ്മീഷൻ ചെയ്യണമെന്നാണ്. അതിനനുസരിച്ചുതന്നെ അതിന്റെ പ്രവർത്തനം നടക്കും. അതിന് അടിയന്തിരമായി നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ വന്നിട്ടുള്ള ചെറിയ ചെറിയ കാര്യങ്ങളൊന്നും പ്രശ്നമല്ല.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ബഹുമാന്യനായ മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ശുദ്ധജല വിതരണ പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുമെന്ന് പറയുകയുണ്ടായി. കാലതാമസത്തെക്കുറിച്ച് നിരവധി പ്രാവശ്യം ഈ നിയമസഭയിൽ പരാതിപ്പെട്ടിട്ടുണ്ട്. നിയമസഭയിലും സബ്ജക്ട് കമ്മിറ്റിയിലും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന കാലതാമസത്തെപ്പറ്റി പരാതി പറഞ്ഞുവെന്നതിന്റെ പേരിൽ മനഃപ്പൂർവമായി 1 1/2 മാസം ഫയൽ വച്ചുകൊണ്ടിരുന്ന കാര്യം ചൂണ്ടിക്കാണിച്ചാൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ അങ്ങ് നടപടിയെടുക്കുമോ

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : തീർച്ചയായിട്ടും നടപടിയെടുക്കും.

<u>ശ്രീ. ലോനപ്പൻ നമ്പാടൻ</u> : അടുത്ത കാലത്ത് ഇരിങ്ങാലക്കുടയിലും, കൊടുങ്ങല്ലൂരിലുമുള്ള രണ്ടു സ്കൂളുകളിലെ വാട്ടർ ടാങ്കുകളിൽ സാമൂഹ്യ ദ്രോഹികൾ വിഷം കലക്കുകയുണ്ടായി. സംസ്ഥാനത്തെ വാട്ടർ ടാങ്കുകൾ തുറന്നിടാതെ അവയെല്ലാം അടച്ചുപൂട്ടി സംരക്ഷിക്കുന്നതിനും വൻദുരന്തങ്ങൾ ഒഴിവാക്കുന്നതിനും സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : അതാതു പ്രദേശത്തുള്ള കംപ്ലീറ്റു ചെയ്ത വാട്ടർ സപ്ലൈ സ്കീമുകളെല്ലാം അതാതു പഞ്ചായത്തുകളെ ഏൽപ്പിക്കുകയാണ്. അവർ നോക്കണമെന്നാണ്.

<u>ശ്രീ. പി.ജെ. ഫ്രാൻസീസ്</u> : സ്വകാര്യവ്യക്തികൾ മഴവെള്ളം ശേഖരിച്ചു വച്ചിട്ട് കുടിവെള്ളമായിട്ട് ഉപയോഗിക്കുന്നു. അങ്ങനെ സംഭരിക്കപ്പെട്ട മഴവെള്ളത്തിന്റെ ഗുണമേന്മ തിട്ടപ്പെടുത്തുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ എന്തെങ്കിലും സംവിധാനമേർപ്പെടുത്താൻ തയ്യാറാകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇക്കാര്യം ആലോചിക്കാവുന്ന ഒരു വിഷയമാണ്.

<u>ശ്രീമതി ആർ. ലതാദേവി</u> : നമ്മുടെ സംസ്ഥാനത്തിലെ തേയിലത്തോട്ടങ്ങളിലുള്ള പാടികളിൽ വിശേഷിച്ച് ഇടുക്കി ജില്ലയിലെ മൂന്നാറിലെ തേയിലത്തോട്ടങ്ങളിൽ പാടികളിൽ തൊഴിലാളികളുടെ ഉപയോഗത്തിനുവേണ്ടി കൊടുക്കുന്നത് തേയിലച്ചെടികൾക്ക് ഇടയ്ക്കുതന്നെയുള്ള പാറക്കെട്ടുകളിൽനിന്ന് ഒലിച്ചുവരുന്ന വെള്ളമാണ്. തേയിലത്തോട്ടങ്ങൾക്കു വേണ്ടി കീടനാശിനിയും വളപ്രയോഗവും മറ്റും നടത്തുന്ന അവസരത്തിൽ കുടിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന വെള്ളത്തിൽ രാസവസ്തുക്കൾ കലരുന്നുണ്ട്. ഇത് നിയമസഭയുടെതന്നെ ഉത്തരവാദപ്പെട്ട ഒരു കമ്മിറ്റിക്കു മുമ്പിൽ വെളിപ്പെടുത്തപ്പെട്ട പരി

LIBRARY ARCHIVES Kerala Legislative Assembly

ഹരിക്കപ്പെടാതെ കിടക്കുന്ന ഒരു പ്രശ്നമാണ്. ഇത് അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് പരിശോധിക്കുന്നത് ഹെൽത്ത് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥന്മാരാണ്.

ശ്രീ. കെ.പി. വിശ്വനാഥൻ : നമ്മുടെ ചെറുകിട വാട്ടർ സപ്ലൈ സ്കീമുകളിൽ ഏതെങ്കിലും ഇന്ന് വില്ലേജ് അടിസ്ഥാനത്തിൽ നടത്തുന്നുണ്ടോ? കുഴൽക്കിണറുകളിൽനിന്നും വെള്ളമെടുത്ത് ഡയറക്ടായി ചെറുകിട വാട്ടർ സ്പ്ലൈ സ്കീമുകൾക്ക് കൊടുക്കുകയാണ്. അതുപോലെതന്നെ കുളങ്ങളിൽ നിന്നും കിണറുകളിൽനിന്നും വെള്ളം അടിച്ചിട്ടാണ് ഈ ചെറുകിട വില്ലേജ് പദ്ധതികൾ നടത്തുന്നത്. ട്രീറ്റ്മെന്റ് പ്ലാന്റുകളോ അല്ലെങ്കിൽ മറ്റ് തരത്തിലുള്ള പരിശോധനാ സംവിധാനങ്ങളോ ഒന്നുമില്ല. അങ്ങനെയുള്ളവ പരിശോധിക്കാനുള്ള എന്തെങ്കിലും സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അത് നമുക്ക് ആലോചിക്കാവുന്നതാണ്. കാരണം ചെറുകിട വാട്ടർ സ്പ്ലൈ സ്കീം തുടങ്ങാൻ ത്രിതല പഞ്ചായത്തുകളെ ഏൽപ്പിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തോ വ്യക്തികളോ നടത്തുന്ന വാട്ടർ സ്പ്ലൈ സ്കീം എല്ലാം ചിലപ്പോൾ ഒരു വാർഡിന്, അല്ലെങ്കിൽ കുറച്ചു വീട്ടുകാർക്ക് എന്ന രീതിയിലുള്ളതായിരിക്കും. എല്ലാ ജില്ലകളിലും ഇത് പരിശോധിക്കുന്നതിനുള്ള ലബോറട്ടറികളുണ്ട്. ഈ വെള്ളം അതാതു ലബോറട്ടറികളിൽ പരിശോധിപ്പിക്കാവുന്നതാണ്.

ശ്രീ. സി.കെ. രാജേന്ദ്രൻ : ലോകബാങ്ക് സഹായത്തോടെ മൂന്ന് ജില്ലകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതിയുടെ ലക്ഷ്യം പൂർത്തിയാകുമ്പോൾ എത്ര പഞ്ചായത്തുകളിലാണ് ഇതിന്റെ ഗുണം ലഭിക്കുക, പാലക്കാട് ജില്ലയിൽ എത്ര പഞ്ചായത്തുകളെയാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : 170 പഞ്ചായത്തുകളെയാണെന്നാണ് എന്റെ ഓർമ്മ. അതായത് പാലക്കാട്, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം. ഈ നാലു ജില്ലകളിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

4 (*555) ഫിഷറീസ് വകുപ്പിന്റെ പുനഃസംഘടന

ശ്രീ. എൻ. അനിരുദ്ധൻ:
ശ്രീ. സത്യൻ മൊകേരി:
ശ്രീ. സി.എൻ. ജയദേവൻ:

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് പുനഃസംഘടിപ്പിക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടിയുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുനഃസംഘടന സംബന്ധിച്ച് സർവീസ് സംഘടനകൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഫിഷറീസ് വകുപ്പിന്റെ പുനഃസംഘടന എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly